# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 419 - 28/02/2017 -ലെ മറുപടിക്ക്

## നീതി ആയോഗ് രൂപീകരണം

**ചോദ്യം** **ഉത്തരം**

ശ്രീ . കെ.വി. വിജയദാസ്

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | നീതി ആയോഗിന്റെ രൂപീകരണത്തിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ വന്നു ചേർന്നിട്ടുള്ള കുറവും ന്യൂനതകളും എന്തെല്ലാമാണ്; വിശദവിവരം നൽകുമോ; | നീതി ആയോഗിന്റെ രൂപീകരണത്തിന്റെ ഫലമായി കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായിട്ടില്ല. എന്നാൽ 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാനങ്ങൾക്കുള്ള പദ്ധതി ധനസഹായത്തിൽ കേന്ദ്ര സർക്കാർ ആനുപാതികമായ കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതാനുപാതത്തിൽ മാറ്റം വരുത്തിയത് സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. മുൻ പ്ലാനിംഗ് കമ്മീഷൻ നിർവ്വഹിച്ചിരുന്ന സംസ്ഥാന വാർഷിക പദ്ധതികളുടെ അംഗീകാരം നൽകുന്നതും സംസ്ഥാന പദ്ധതികളുടെ ധനസഹായം നിശ്ചയിക്കുന്നതും നീതി ആയോഗിന്റെ രൂപീകരണത്തോടെ ഇല്ലാതായിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. |

| | | |
|---|---|---|
| | | കൂടാതെ നീതി ആയോഗിന്റെ ഭാഗത്തു നിന്നും സംസ്ഥാനങ്ങൾക്ക് യാതൊരു വിധത്തിലുമുള്ള സാമ്പത്തിക സഹായം അനുവദിക്കാത്തത് വലിയ ഒരു ന്യൂനതയായി ചൂണ്ടികാണിക്കപ്പെടുന്നു. |
| ബി | ജി.എസ്.ടി. നടപ്പിലാക്കുന്നതോടു കൂടി കേരളത്തിന് നേട്ടമാണോ അതോ കോട്ടമാണോ സംഭവിക്കുക; വിശദവിവരം നൽകുമോ? | 1.07.2017 മുതൽ രാജ്യത്ത് ജി.എസ്.ടി നികുതി സമ്പ്രദായം നടപ്പാക്കുകയാണ്. ഡസ്റ്റിനേഷൻ പ്രിൻസിപ്പിളിനെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടിയുടെ വരവോടെ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളിൽ നികുതി വരുമാനം വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ സേവന നികുതിയുടെ നിരക്ക് ഉയർന്നതായതിനാൽ സേവനങ്ങളുടെ ചെലവ് അധികരിക്കും, മരുന്നുകൾക്ക് നിലവിലുള്ള നിരക്കിനേക്കാൾ ഉയർന്ന സ്ലാബിലായതിനാൽ മരുന്നുകളുടെ വിലയും വർദ്ധിക്കാൻ സാദ്ധ്യതയുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ജി.എസ്.ടി പൂർണ്ണമായും നടപ്പിലാക്കികഴിഞ്ഞാൽ മാത്രമെ ഇതു സംസ്ഥാനത്തിന് പ്രയോജനകരമാണോ എന്ന് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

Sreekumar K

***സെക്ഷൻ ഓഫീസർ***